**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206** **05-02-2026-ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളജിലെ ചികിൽസാ സംവിധാനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ ഗവ. മെഡിക്കൽ കോളജിലെ ചികിൽസാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**മറുപടി:** തൃശ്ശൂർ മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സ ഒരുക്കുന്നതിനായി കുട്ടികളുടെ ഐ.സി.യു, ലിക്വിഡ് ഓക്സിജൻ പ്ലാന്റ് ഉൾപ്പെടെ ആരംഭിച്ചിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**തീപ്പൊള്ളൽ പരിചരണ യൂണിറ്റ്**

തൃശ്ശൂർ മെഡിക്കൽ കോളേജിൽ നവീകരിച്ച പൊള്ളൽ ചികിത്സാ വിഭാഗം പ്രവർത്തനം ആരംഭിച്ചു. 15 രോഗികൾക്ക് ഒരേ സമയം ആധുനിക ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഇവിടെയുണ്ട്. തീവ്ര പരിചരണ വിഭാഗം, വാർഡുകൾ, ഓപ്പറേഷൻ തീയേറ്റർ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. രോഗികൾക്ക് അണുബാധ ഏൽക്കുന്നതിനുള്ള സാധ്യത പരമാവധി കുറയ്ക്കുന്നതിന് ആധുനിക ശീതികരണ സംവിധാനവും മറ്റ് സൗകര്യങ്ങളും ഇവിടെയുണ്ട്. 24 മണിക്കൂറും, പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും, നഴ്സുമാരുടെയും സേവനം ലഭ്യമാണ്. ആധുനിക സജ്ജീകരണങ്ങൾ ഉള്ള ഓപ്പറേഷൻ തീയേറ്ററിൽ പൊള്ളൽ രോഗികൾക്ക് ആവശ്യമുള്ള എല്ലാ ശസ്ത്രക്രിയകളും നടത്താനുള്ള സൗകര്യം ഉണ്ട്.

**ആംബുലൻസ് ട്രാക് നിർമ്മാണം**

നെഞ്ച് രോഗാശുപത്രിയിൽ നിന്നും പുതിയ ആശുപത്രിയിലേക്കുള്ള റോഡ് കോൺക്രീറ്റ് കട്ടകൾ ഉപയോഗിച്ച് പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയതോടെ രണ്ട് ആശുപത്രികൾക്കും ഇടയിലുള്ള വാഹന സഞ്ചാരം സുഗമമായിട്ടുണ്ട്.

**സർജ്ജിക്കൽ ഓങ്കോളജി ഒ.പി & ഒ.ടി** നെഞ്ചുരോഗാശുപത്രിയിലെ സർജ്ജിക്കൽ ഓങ്കോളജി ഒ.പി വിഭാഗവും, ഡേ കെയർ കെട്ടിടത്തിന്റെ മുകളിലെ സർജിക്കൽ ഒ.ടി അനുബന്ധ മുറികളും കാൻസർ രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യുന്നതിനും സർജ്ജിക്കൽ ഓങ്കോളജിസ്റ്റ് -നെ കാണുന്നതിനും ഒരു കുടക്കീഴിൽ തന്നെ റേഡിയേഷൻ, സർജറി, കീമോതെറാപ്പി വിഭാഗങ്ങൾ കൊണ്ടുവരുന്നതിനും സഹായകമാകും.

**ടെലി കൊബാൾട്ട് മെഷീൻ**

2018-19 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 3.5 കോടി രൂപ ചിലവഴിച്ച് വാങ്ങിച്ച ബാബട്രോൺ ടെലികോബാൾട്ട് മെഷീൻ റേഡിയേഷൻ രോഗികൾക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ശരാശരി 20 കാൻസർ രോഗികൾക്ക് ദിനംപ്രതി റേഡിയേഷൻ നൽകി വരുന്നു.

**<u>ട്രോമാ കെയർ & ട്രയാജ് കെട്ടിടം</u>**

പുതിയ ട്രയാജ് സംവിധാനം വന്നതോടുകൂടി എല്ലാ പ്രധാന മെഡിക്കൽ വിഭാഗങ്ങളിലെയും ഡോക്ടർമാർ ഒരു ടീമായി അത്യാസന്ന നിലയിലുള്ള രോഗികളെ പരിചരിക്കുന്നതാണ്. മാത്രമല്ല ലാബ്, എക്സ്റേ, സി.ടി സ്കാൻ തുടങ്ങി എല്ലാ കാര്യങ്ങളും ഒരു കുടക്കീഴിൽ രോഗികൾക്ക് ലഭ്യമാണ്.

**<u>MRI സ്കാൻ</u>**

തൃശ്ശൂർ ജില്ലയിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആദ്യത്തെ എം.ആർ.ഐ സ്കാൻ ആയ 1.5 ടെസ്ല എം.ആർ.ഐ സ്കാൻ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.

**<u>ഡിജിറ്റൽ റേഡിയോഗ്രാഫി</u>**

ഡി.ആർ മെഷീൻ കുറഞ്ഞ സമയത്തിനുള്ളിൽ മികച്ച നിലവാരമുള്ള എക്സ്-റേ ചിത്രങ്ങൾ നൽകുന്നു. അപകടത്തിൽപ്പെട്ടു വരുന്ന രോഗികളുടെ ചികിത്സാ സൗകര്യം, പുതിയ ട്രോമ കെട്ടിടത്തിൽ സ്ഥാപിച്ച ഈ ഉപകരണം മെച്ചപ്പെടുത്തുകയും എക്സ്-റേ ഫിലിമുകളുടെ ഉപയോഗം കുറയ്ക്കുകയും ചെയ്യും.

**<u>ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി</u>**

ശരീരത്തിന്റെ ആന്തരിക അവയവങ്ങളുടെ പ്രത്യേക എക്സ്-റേ എടുക്കുന്നതിനുള്ള ഉപകരണമാണ് ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി.

**<u>ആർ.ബി.എസ്.കെ ട്രെയിനിങ് സെന്റർ</u>**

ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനങ്ങളും രക്ഷിതാക്കൾ, കെയർ ടേക്കർമാർ, ഫാക്കൽറ്റികൾ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികളും നൽകിവരുന്നു.

**<u>ഇ-ഹെൽത്ത് പദ്ധതി</u>**

ഓൺലൈൻ ഒ.പി ടിക്കറ്റ് ബുക്കിങ്, ലാബ് ഫലങ്ങൾ മൊബൈൽ ഫോണിൽ ലഭിക്കുന്നതിനുള്ള സൗകര്യം, രോഗിയുടെ പെർമനന്റ് ഹെൽത്ത് റെക്കോർഡ് ആശുപത്രിയിൽ ഉണ്ടാകുന്നതുമൂലം രോഗിയുടെ എല്ലാ വിവരങ്ങളും പെട്ടെന്ന് ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു.

**<u>നവീകരിച്ച പവർ ലോൺട്രി</u>**

വളരെ പഴക്കം ചെന്ന ലോൺട്രി മെഷീനുകൾ ഒഴിവാക്കി പുതിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചതോടെ ആശുപത്രിയിലെ ബെഡ് ഷീറ്റ് മുതലായ തുണികൾ കൂടുതൽ വൃത്തിയിൽ അലക്കുന്നതിനുള്ള സൗകര്യം സെൻട്രൽ ലോൺട്രിയിൽ ലഭ്യമായിട്ടുണ്ട്.

**<u>ബ്ലഡ് ബാങ്ക് നവീകരണം</u>**

ബ്ലഡ് ബാങ്കിന്റെ സ്ഥല സൗകര്യം വർദ്ധിപ്പിക്കുകയും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനത്തിന് ഉതകും വിധം ഇലക്ട്രിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ തയ്യാറാക്കുകയും ചെയ്തു.

**<u>കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ</u>**

മുലപ്പാൽ ഇല്ലാത്ത അമ്മമാരുടെ കുട്ടികൾക്ക് മുലപ്പാൽ നൽകുന്നതിന് മുലപ്പാൽ സംഭരിച്ച് ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം പുതിയ ആശുപത്രിയിൽ ലഭ്യമാണ്.

**<u>ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം</u>**

സർജറികൾക്കിടയിൽ രോഗികളുടെ എക്സ്-റേ എടുക്കുന്നതിനും, വിദഗ്ധരോഗ നിർണ്ണയത്തിനും രോഗീ പരിചരണത്തിനുമായി 1.70 കോടി രൂപ ചിലവിൽ ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം എന്ന ഉപകരണം വാങ്ങിച്ചു.

**<u>ഐ.സി.യു ആംബുലൻസ്</u>**

25 ലക്ഷം രൂപ ചിലവിൽ ഐ.സി.യു സൗകര്യങ്ങളോടുകൂടിയ ആംബുലൻസ് വാങ്ങിക്കുകയുണ്ടായി. കൂടാതെ ഉദ്ദേശം 4 കോടി രൂപ ചിലവിൽ വിവിധ ഉപകരണങ്ങൾ രോഗി പരിചരണത്തിനും രോഗ നിർണ്ണയത്തിനും മറ്റുമായി വാങ്ങിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഹൃദയ സ്തംഭന ക്ലിനിക്കും പേസ് മേക്കർ ഫോളോ അപ്പ് ക്ലിനിക്കും നടത്തുന്നുണ്ട്. ഇന്റർവെൻഷൻ കാർഡിയോളജി, ഉൾപ്പെടെയുള്ള നൂതനവും സങ്കീർണ്ണവുമായ ഹൃദയ ചികിത്സാ രീതികൾ ലഭ്യമാണ്. IVUS റോട്ടാബ്ലേറ്റർ സ്വന്തമായി ഈ സ്ഥാപനത്തിലുണ്ട്.

വൻകിട സ്വകാര്യ ആശുപത്രികളിൽ നടത്തിയിരുന്ന പല ശസ്ത്രക്രിയകളും തൃശ്ശൂർ മെഡിക്കൽ കോളേജിലും ചെയ്തുവരുന്നു. Sterotac Biopsy, Endoscopic, Brain & Spine Neuro Surgery, Scoliosis Correction Surgery, Skull Base & Vascular Neuro Surgery എന്നീ മേജർ സർജറികൾ ന്യൂറോ സർജറി വിഭാഗത്തിലും, തൈറോയ്ഡ്, ഹെർണിയ ഉദര സംബന്ധമായ സർജറികളും, ആമാശയ സംബന്ധമായ സർജറികളും, ബ്രെസ്റ്റ് കാൻസർ അല്ലാത്ത തരത്തിലുള്ള സർജറികളും, യൂട്രസ് റിമൂവ് ചെയ്യുന്നതും, ആമാശയം, അന്നനാളം, വൻകുടൽ, ചെറുകുടൽ, ബ്രെസ്റ്റ് കാൻസർ, അണ്ഡാശയത്തിൽ ഉണ്ടാകുന്ന കാൻസർ ഗർഭാശയത്തിലും ഗർഭ മുഖത്തും ഉണ്ടാകുന്ന കാൻസർ Sarcoma, Oral Cancer Surgery എന്നിങ്ങനെയുള്ള സർജറികൾ പലതും കീഹോൾ ആയി (അപ്രകാരം ചെയ്യാൻ കഴിയുന്നവ) അല്ലാത്തവ ഓപ്പൺ സർജറി ആയും ചെയ്തു വരുന്നു. കാൻസറുമായി ബന്ധപ്പെട്ട് വിവിധതരം റീ കൺസ്ട്രക്ഷൻ സർജറി, പ്ലാസ്റ്റിക് സർജറി വിഭാഗത്തിലും നടന്നു വരുന്നു. കൂടാതെ ഹൃദയാഘാതത്തെ തുടർന്ന് ഹൃദയ ഭിത്തി തകർന്ന രോഗിക്ക് ഓപ്പൺ സർജറി ചെയ്യാതെ കത്തീറ്റർ കടത്തി ചികിത്സ നടത്തി രോഗിയുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്. മറ്റൊരു ഹൃദ്രോഗിക്ക് ഹൃദയം തുറക്കാതെ അതിനൂതന സംവിധാനത്തിലൂടെ ഹൃദയ വാൽവ് മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്.

ഡെർമറ്റോളജി വിഭാഗത്തിൽ Aesthetic ചികിത്സ സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ നൽകുന്നുണ്ട്. ഇതിനായി ആഴ്ചയിൽ രണ്ട് ദിവസം ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്.

ഓഫ്ത്താൽമോളജി വിഭാഗത്തിൽ ആഴ്ചയിൽ എല്ലാ ദിവസവും അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള താക്കോൽദ്വാര തിമിര ശസ്ത്രക്രിയ നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മാസം തികയാതെ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വരാവുന്ന Retinopathy of prematurity എന്ന നേത്രാന്തര പടലത്തെ ബാധിക്കുന്ന അസുഖത്തിന് ചെയ്യാവുന്ന ലേസർ ചികിത്സ പുനരാരംഭിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് തലത്തിൽ ആദ്യമായി വളർച്ചയിലെ വ്യതിയാനം കാരണം വരുന്ന മസ്തിഷ്ക സംബന്ധമായ രോഗാവസ്ഥയായ Cerebral Visual Impairment (CVI) യ്ക്ക് പ്രത്യേക ക്ലിനിക് നടത്തി വരുന്നു. കുട്ടികളുടെ കോങ്കണ്ണ് ചികിത്സയ്ക്കും നേത്രാന്തര പടലത്തെ ബാധിക്കുന്ന വിവിധ രോഗങ്ങൾക്കുള്ള ഇൻജെക്ഷൻ പുനരാരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയിൽ 2022 കാലഘട്ടത്തിൽ പുതിയ രണ്ട് ഓപ്പറേഷൻ തീയറ്ററുകൾ സജ്ജമാക്കുകയും 2023 ഒക്ടോബർ മാസത്തോടെ മേജർ & മൈനർ ശസ്ത്രക്രിയകൾ നടത്തുവാൻ ഉതകുംവിധം അവ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. ആർ.സി.സി മലബാർ കാൻസർ ആശുപത്രിയിൽ ചെയ്യുന്ന ഒട്ടുമിക്ക സർജറികളും ഈ സൗകര്യത്തോടുകൂടി ഇവിടെ പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തുടർ വികസനത്തിന്റെ ഭാഗമായി 3 ഓപ്പറേഷൻ തീയറ്ററുകളും അതിനു വേണ്ട സൗകര്യങ്ങളും പ്രാവർത്തികമാക്കി വരുന്നു.

ആരംഭഘട്ടത്തിൽ തന്നെ കാൻസർ കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനായും സംസ്ഥാനത്ത് വനിതകളിലെ കാൻസർ രോഗ സാധ്യത നിർണ്ണയിക്കുന്നതിനായും ആരോഗ്യം ആനന്ദം അകറ്റാം അർബുദം എന്ന പ്രോഗ്രാമിന്റെ ഭാഗമായി 2025 ഫെബ്രുവരി 4 മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ സ്ക്രീനിങ്ങും അവെയർനസ്സ് ക്യാമ്പയിനിങ്ങും നടത്തുകയും, ആർദ്രം ക്യാമ്പയിനിന്റെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ക്രീനിംഗ് പ്രോഗ്രാം നടത്തിയതിൽ 1070 പേർ പങ്കെടുക്കുകയും രോഗ സാധ്യത ഉള്ള 16 പേരെ കണ്ടെത്തുകയും ചെയ്തു. കണ്ടെത്തിയവരെല്ലാം പരിശോധനകൾക്കും ചികിത്സയ്ക്കും തയ്യാറായിട്ടുണ്ട്.

**(ബി)** പ്രസ്തുത മെഡിക്കൽ കോളജിൽ ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ഓപ്പൺ സർജ്ജറിയടക്കമുള്ള ചികിത്സയ്ക്ക് ഡോക്ടർമാരുടെ കുറവുള്ളത് പ്രതിസന്ധിയുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 2021 മെയ് മുതൽ നാളിതുവരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ സൃഷ്ടിച്ച ഡോക്ടർമാരുടെ പുതിയ തസ്തികകളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് മാത്രം 7 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ ഉൾപ്പെടുന്നു. ഇതിൽ ഒരു കാർഡിയോളജി പ്രൊഫസർ തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഡോക്ടർമാരുടെ കുറവ് മൂലമുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** കാർഡിയോളജി വിഭാഗത്തിൽ രോഗികളുടെ വർദ്ധന വിനനുസരിച്ച് ഡോക്ടർമാരുടെ എണ്ണത്തിലും കാർഡിയോളജി യൂണിറ്റുകളുടെ എണ്ണത്തിലും വർദ്ധനവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. എം.ബി.ബി.എസ് കോഴ്സിന്റെ നടത്തിപ്പിനായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് എല്ലാ സർക്കാർ മെഡിക്കൽ കോളേജിലേക്കും പര്യാപ്തമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** പ്രസ്തുത മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിലെ രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. എം.ബി.ബി.എസ് കോഴ്സിന്റെ നടത്തിപ്പിനായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് എല്ലാ സർക്കാർ മെഡിക്കൽ കോളേജിലേക്കും പര്യാപ്തമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**